(ബി) പ്രസ്തുത കാലയളവിൽ എത്ര കള്ള് വിറ്റിട്ടുണ്ട്;

(സി) ഈ കാലയളവിൽ കള്ളിനും മദ്യത്തിനും വേണ്ടി ജനങ്ങൾ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ 2004 ഏപ്രിൽ മുതൽ ഡിസംബർ വരെ സംസ്ഥാനത്ത് 83.19 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യം വിറ്റിട്ടുണ്ട്.

(ബി) & (സി) കൃത്യമായ കണക്ക് ലഭ്യമല്ല.

തെങ്ങിൽനിന്ന് ചക്കര ഉല്പാദിപ്പിക്കുന്നതിനാവശ്യമായ അനുവാദം നൽകാൻ നടപടി

36 [3898] *ശ്രീ. സി. കെ. നാണു:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. വി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തെങ്ങിൽ നിന്ന് ചക്കര ഉല്പാദിപ്പിക്കുന്നതിനാവശ്യമായ കള്ള് ചെത്താൻ അനുവാദം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ചക്കര ഉല്പാദിപ്പിക്കുവാൻ അനുവാദം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക കാർഷിക പ്രസിദ്ധീകരണത്തിൽ തെങ്ങിന്റെ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നതിൽ ചക്കര ഉല്പാദനത്തെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചക്കര ചെത്ത് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഇല്ല. ചക്കര ഉല്പാദിപ്പിക്കുന്നതിന് നൽകുന്ന ലൈസൻസ് ദുർവിനിയോഗം ചെയ്യാൻ സാദ്ധ്യതയുള്ളതിനാലും ആയത് കള്ള് വ്യവസായത്തെ സാരമായി ബാധിക്കുമെന്നതിനാലുമാണ് ചക്കര ചെത്ത് അനുവദിക്കാത്തത്. ടി ലൈസൻസ് ദുർവിനിയോഗം മദ്യദുരന്തങ്ങൾക്ക് വരെ കാരണമായേക്കാം.

(സി) ഇതുവരെയില്ല.

(ഡി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly